# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊരകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.27/2390/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/12/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊരകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഊരകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊരകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.27/2390/22 തീയ്യതി: 30/12/2022

## മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 21-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അസീന. എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സയ്യിദ് അബ്ദുല്ല മൻസൂർ തങ്ങൾ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. വിവേകാനന്ദൻ. എ (അസി. സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 09-04-2021 |
| ശ്രീ. മുഹമ്മദ് ഷൗക്കത്ത്. ടി | സെക്രട്ടറി | 10-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിവേകാനന്ദൻ. എ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. മെഹറുന്നീസ. പി.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അജ്മൽ. സി.എച്ച് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അനൂപ്. പി.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ഉഷ. എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ജാബിർ പൂളക്കുണ്ടൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. മൈമൂനത്ത്. കെ.ടി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. ശശി. കെ.എം. | വി.ഇ.ഒ | 01-04-2021 | 09-08-2021 |
| ശ്രീ. സരിൻ. ഒ.എസ് | വി.ഇ.ഒ | 10-08-2021 | 31-03-2022 |
| ശ്രീമതി. നിത. ടി.ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽകുമാർ. കെ. ആർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന | 1-11 |
| 12 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-12 |
| 13 | ഹോമിയോ മരുന്ന് വാങ്ങൽ. 97,789/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ - ചട്ടപ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്താത്ത കെട്ടിടത്തിന് അനുമതി നൽകി | 1-14 |
| 15 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-15 |
| 16 | കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല | 1-16 |
| 17 | കമ്പ്യൂട്ടർ പ്രിന്റർ വാങ്ങി -കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല | 1-16-1 |
| 18 | ലൈബ്രറി സെസ്സ് തുക അടവാക്കി- കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല | 1-16-2 |
| 19 | ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണത്തിന് വിഹിതം - കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല | 1-16-3 |
| 20 | സർവ്വേ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 21 | തെരുവ് വിളക്ക് റിപ്പയർ - പൊതു അപാകതകൾ | 1-18 |
| 22 | പോഷകാഹാരത്തിന് അധിക തുക നൽകി- 255524 രൂപ നഷ്ടം | 1-19 |
| 23 | ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല | 1-20 |
| 24 | പോഷകാഹാര വിതരണം - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-21 |
| 25 | പുലരി ന്യൂട്രിമിക്സിന്റെ ബിൽ പ്രകാരം ഗ്രാവിപ്രോ വാങ്ങിയതിന് തുക നൽകിയത് പവിത്രം ന്യൂട്രിമിക്സിന് | 1-22 |
| 26 | അംഗൻവാടി പോഷകാഹാരം - വൗച്ചറുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല. | 1-23 |
| 27 | അംഗൻവാടികൾക്ക് കളിയുപകരണങ്ങൾ - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല | 1-24 |
| 28 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-25 |
| 29 | മരാമത്ത് പ്രവൃത്തികൾ - ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല | 1-25-1 |

| | | |
|---|---|---|
| 30 | വയോജനങ്ങൾക്ക് ഉല്ലാസയാത്ര- അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 31 | വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം -തുക നാളിതു വരെ ഉപയോഗിച്ചില്ല. | 1-27 |
| 32 | പരിരക്ഷ പദ്ധതികളിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയില്ല | 1-28 |
| 33 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-29 |
| 34 | എസ്. സി. പഠന മുറി-അപാകതകൾ | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പോഷകാഹാരത്തിന് അധികം തുക നൽകി പഞ്ചായത്തിന് ₹ 255524 രൂപ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/തീയതി | 2021-22 ലെ ബജറ്റ് പുതുക്കിയ തീരുമാന നമ്പർ/തീയതി |
|---|---|
| 1(1)/20.02.2021 | 1(1)/19.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 17-06-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,84,23,077.42 |
| വരവ് | 9,71,11,103.00 |
| ആകെ | 11,55,34,180.42 |
| ചെലവ് | 8,37,98,988.00 |
| നീക്കിയിരിപ്പ് | 3,17,35,192.42 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | - | 1,40,53,350 | 1,40,53,350 | 1,40,53,350 | 0 |
| വികസനഫണ്ട് (എസ്.സി.പി) | - | 39,75,350 | 39,75,350 | 36,14,250 | 3,61,100 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | 1,26,60,000 | 1,26,60,000 | 96,61,636 | 29,98,364 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | - | 52,68,290 | 52,68,290 | 33,11,669 | 19,56,621 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | - | 75,59,915 | 75,59,915 | 18,54,054 | 57,05,861 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - UnTied | - | 38,45,562 | 38,45,562 | 26,22,117 | 12,23,445 |
| ബി ഫണ്ട് | - | 4,92,53,200 | 4,92,53,200 | 4,92,53,200 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 225 | 12,06,82,275 | 168 | 6,36,96,342 | 2 | 55 | 75 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,31,075 | 3,70,318 | 5,01,393 | 5,01,393* | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 76,01,534 | 76,01,534 | 76,01,534 | 0 |

*കുറിപ്പ് :- 4,97,030/- രൂപ ഷെഡ്യൂൾ RP-16 പ്രകാരമുള്ള ചെലവും 4,363/- രൂപ RP-31 ഷെഡ്യൂൾ പ്രകാരമുള്ള റീഫണ്ടും ആണ്

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 19,34,000 | 107 |
| വിധവാപെൻഷൻ | 1,55,81,400 | 845 |
| വാർദ്ധക്യകാല പെൻഷൻ | 2,59,40,400 | 1742 |
| വികലാംഗ പെൻഷൻ | 54,36,600 | 348 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 1,80,000 | 6 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,80,800 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2022ന് പകൽ 11.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം ഫ്രണ്ട് ഓഫീസിലെ അന്നേ ദിവസത്തെ കളക്ഷൻ 11,845/- രൂപയാണെങ്കിലും ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്നത് 12,067/- രൂപയാണ്. അധികമായി കാണപ്പെട്ട 222/- രൂപ സംബന്ധിച്ച് സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1) നികുതി കുടിശ്ശിക വരുത്തിയ നികുതി ദായകരിൽ നിന്ന് നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും പരിപാലനത്തിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും പ്രതിമാസ, വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല. ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

4) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കി രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

5) പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്കൂളുകളുടെയും ഫിറ്റ്നസ് പരിശോധിച്ചിട്ടില്ല എന്ന് കാണുന്നു.

6) ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.22 – 23.06.22 | 04/22 മുതൽ 05/22 വരെ | 23.06.2022 |
| എ.ജി ഓഡിറ്റ് | 08.03.2010 – 20.03.2010 | 2004-05 മുതൽ 2008-09 വരെ | 24-03-10 |

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധന

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.
2) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-4 പ്രകാരം തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ നിബന്ധന പാലിച്ചിട്ടില്ല.
3) മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4) ബിൽഡിംഗ് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവയുടെ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
5) സ്റ്റോക്കുകളുടെ മൂല്യം രേഖപ്പെടുത്തി വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ Stock In Hand കൃത്യത പരിശോധിക്കാനായിട്ടില്ല.
6) റസീറ്റ് & പേമെന്റ് അക്കൗണ്ടിന്റെ RP 40(a), RP 40(b) എന്നിവയിലെ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ അക്കൗണ്ട് നമ്പറുകൾ ഉൾപ്പെടുത്തി വാർഷികക്കണക്ക് പൂർണമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവിലെ അപാകതകൾ

### 1) തൊഴിൽ നികുതി കുറവായി ഈടാക്കി

ഊരകം ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ 2021-22 ഒന്നാം അർദ്ധവർഷത്തിൽ ജോലി ചെയ്ത താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നിരക്കിനേക്കാൾ കുറവായി തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധ വാർഷിക വരുമാനം (₹) | തൊഴിൽ നികുതി (₹) | | |
|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ടത് | ഈടാക്കിയത് | വ്യത്യാസം |

| | | | | | | |
|---|---|---|---|---|---|---|
| 1 | യൂസുഫ് വി | ജാമിയ അൽ ഹിന്ദ് ഇസ്ലാമിയ | 56250 | 450 | 400 | 50 |
| 2 | മുഹമ്മദ് അലി | | 75000 | 750 | 600 | 150 |
| 3 | ഷമീർ കെ. വി | | 63750 | 600 | 450 | 150 |
| 4 | ഹുസൈൻ ടി.പി | | 48000 | 450 | 300 | 150 |
| 5 | ജയേഷ് കെ.ആർ | സൈന്റ് അൽഫോൺസ പബ്ലിക് സ്കൂൾ, ഊരകം | 84000 | 750 | 600 | 150 |
| | ആകെ | | | 3000 | 2350 | 650 |

2) തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

ഊരകം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപങ്ങളിൽ നിന്നും 2021-22ൽ താഴെപ്പറയുന്ന അർദ്ധവർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം (2021-22) |
|---|---|---|
| 1 | എ.എം മോട്ടോഴ്സ് വേങ്ങര | II |
| 2 | നെസ്റ്റ് സ്റ്റിച്ചിങ്ങ് സൊല്യൂഷൻസ് | II |
| 3 | ഇന്ത്യൻ മെറ്റൽ ഇൻഡസ്ട്രീസ് | I & II |
| 4 | ടെന്റ് ഫർണിച്ചർ വേൾഡ് | I & II |
| 5 | എക്സോട്ടിക് ഫർണിച്ചർ | I & II |
| 6 | എം.കെ വുഡ് കോംപ്ലക്സ് | I & II |
| 7 | ടൈ സ്റ്റീൽ & സിമന്റ്സ് | I & II |
| 8 | എം.സി ഡ്യൂറോകോൺ ടൈൽസ് & പേവേഴ്സ് | I & II |
| 9 | കിസ്മത്ത് ടെക്സ്റ്റൈൽസ് | I & II |
| 10 | സലാല സൂപ്പർ മാർക്കറ്റ് കാരാത്തോട് | I & II |
| 11 | സലാല സൂപ്പർ മാർക്കറ്റ് വേങ്ങര | I |
| 12 | ബ്രദേഴ്സ് ടയർ | I & II |
| 13 | മലബാർ ക്ലിനിക് | I & II |
| 14 | റോയൽ അലുമിനിയം ഇൻഡസ്ട്രീസ് | I & II |

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണവും, തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ ആകെ 650/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനായി കൈക്കൊണ്ട നടപടികളുടെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 29.09.2022ലെ ഓഡിറ്റ് എൻക്വയറി നം.10/2021-22ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-13 ഹോമിയോ മരുന്ന് വാങ്ങൽ. 97,789/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 16/22 : |
| ഫണ്ട്/അടങ്കൽ | നോൺ റോഡ്/3,00,000 |
| ചെലവ്/ വൗച്ചർ നമ്പർ | Rs.3,00,000 /1/21-22/GHDU/15-11-21 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (GHD) |

മെഡിക്കൽ ഓഫീസർ (GHD) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയിലേക്ക് 3,00,000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ 2,02,211/- രൂപയുടെ മരുന്നുകൾ മാത്രമാണ് 16/09/2022 തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. 97,789/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| 1 | Prof Inv. No. PF787/15-10-21 | 3,00,000 | Invoice No..LF 2638/10-3-22 | 79,043 |
| 2 | | | ,, LF 700/16-9-22 | 1,23,168 |
| ആകെ | | 3,00,000 | ആകെ | 2,02,211 |

അവശേഷിക്കുന്ന 97,789/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 24/30-9-2022)

## 1-14 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ - ചട്ടപ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്താത്ത കെട്ടിടത്തിന് അനുമതി നൽകി

ഊരകം ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ്, ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകിയ വേളയിൽ 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പ്രകാരമുള്ള അളവിൽ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയതായി ഉറപ്പ് വരുത്തിയിട്ടില്ല.

| | | |
|---|---|---|
| പെർമിറ്റ് നമ്പർ, തീയ്യതി | A2-BA(327277)/2021, 23.12.2021 | |
| വാർഡ് നമ്പർ, സർവ്വേ നമ്പർ | 10, 386/11-3 | |
| അപേക്ഷകന്റെ പേര് | ഇബ്രാഹിംകുട്ടി, മൂച്ചിക്കടവൻ പൈക്കാട്ട്, ഇരിങ്ങല്ലൂർ | |
| വിനിയോഗ ഗണം | F (വ്യാപാരം/വാണിജ്യം) | |
| നിർമ്മിത വിസ്തീർണ്ണം | 316.72 ച.മീ | |
| നിർമ്മാണം പൂർത്തിയാക്കിയ തീയ്യതി | 07.04.2022 | |
| പട്ടിക 13 പ്രകാരം ആൾപ്പാർപ്പ് ഭാരം കണക്കാക്കുന്നത് | 5.9 ച.മീ നിർമ്മിത വിസ്തീർണ്ണം/വ്യക്തി | |
| ടോയ്‌ലറ്റുകളുടെ എണ്ണം കണക്കാക്കുന്നത് | പട്ടിക 14 പ്രകാരം നൽകേണ്ടത് :-<br>വ്യക്തികളുടെ എണ്ണം = 316.72/5.9 = 53.68, Say, 54<br>⅔ എണ്ണം പുരുഷന്മാർ = 36<br>⅓ എണ്ണം സ്ത്രീകൾ = 18<br>(പട്ടിക 13ന് കീഴിലെ കുറിപ്പ് പ്രകാരം)<br>ഓരോ 25 പുരുഷന്മാർക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണം എന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട ടോയ്‌ലറ്റുകളുടെ എണ്ണം = 36/25 = 1.44 ≈ 2 | അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം നൽകിയത് :-<br>വ്യക്തികളുടെ എണ്ണം = 316.72/5.9 = 53.68, Say, 54<br>പുരുഷന്മാരുടെ എണ്ണം = 25<br>സ്ത്രീകളുടെ എണ്ണം = 29<br>(സർവ്വീസ് പ്ലാനിലെ രേഖപ്പെടുത്തൽ പ്രകാരം)<br>ഓരോ 25 പുരുഷന്മാർക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണം എന്ന നിരക്കിൽ ഏർപ്പെടുത്തിയ ടോയ്‌ലറ്റുകളുടെ എണ്ണം = |

| | | |
|---|---|---|
| | ഓരോ 15 സ്ത്രീകൾക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണം എന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട ടോയ്‌ലറ്റുകളുടെ എണ്ണം = 18/15 = 1.2 ≈ 2<br><br>ഏർപ്പെടുത്തേണ്ട ആകെ ടോയ്‌ലെറ്റുകളുടെ എണ്ണം = 4 | 25/25 = 1<br><br>ഓരോ 15 സ്ത്രീകൾക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണം എന്ന നിരക്കിൽ ഏർപ്പെടുത്തിയ ടോയ്‌ലറ്റുകളുടെ എണ്ണം = 29/15 = 1.93 ≈ 2<br><br>ഏർപ്പെടുത്തിയ ആകെ ടോയ്‌ലെറ്റുകളുടെ എണ്ണം = 3 |

ആൾപ്പാർപ്പ് ഭാരം കണക്കാക്കുന്നതിന് ചട്ടങ്ങളിലേതിന് വ്യത്യസ്തമായ രീതി അവലംബിച്ചത് മൂലം ഒരു ടോയ്‌ലറ്റ് കുറവായാണ് കെട്ടിടത്തിൽ ഏർപ്പാടാക്കിയത്. നിർമ്മാണ പെർമിറ്റ്, ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകിയ വേളയിൽ ഈ അപാകത പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 30.09.2022ലെ ഓഡിറ്റ് എൻക്വയറി നം.26/2021-22ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ അന്വേഷണം നടത്തി മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ദനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഊരകം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ചട്ട പ്രകാരം ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 23 /30-9-2022 ക്ക് മറുപടി ലഭിച്ചിട്ടില്ല.)

## 1-16 കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതികൾ / തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ചെലവുകൾക്ക് കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. ചെലവുകളുടെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1 /2021-22/ 29.09.2022 ) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 337521 രൂപ തടസ്സം ചെയ്യുന്നു.

### 1-16-1 കമ്പ്യൂട്ടർ പ്രിന്റർ വാങ്ങി -കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല

| വൗച്ചർ നമ്പർ / തിയ്യതി | തുക | ചെലവിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 22100032/ 09.04.2021 | 8000 | കമ്പ്യൂട്ടർ പ്രിന്റർ വാങ്ങിയതിന് ബയോസ് കമ്പ്യൂട്ടർ സൊല്യൂഷൻസിന് നൽകുന്നതിനായി പിൻവലിച്ച തുക | ബയോസ് കമ്പ്യൂട്ടർ സൊല്യൂഷൻസിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്. |

### 1-16-2 ലൈബ്രറി സെസ്സ് തുക അടവാക്കി- കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല

| വൗച്ചർ നമ്പർ / തിയ്യതി | തുക | ചെലവിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 22100417/ 30.10.2021 | 64521 | 2021-22 First Half Library Cess തുക അടവാക്കുന്നതിനായി പിൻവലിച്ച തുക | ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി |

### 1-16-3 ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണത്തിന് വിഹിതം – കൈപ്പറ്റ് രശീതി

ലഭ്യമാക്കിയില്ല

| വൗച്ചർ നമ്പർ / തിയ്യതി | തുക | ചെലവിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 22100968/ 04.02.2022 വികസനം- പൊതു | 265000 | 293/22പ്രോജക്ട് പ്രകാരം മലപ്പുറം ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകി | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കൈപ്പറ്റ് രശീതി |

## 1-17 സർവ്വേ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നമ്പർ 22100580 / 23.12.2021 പ്രകാരം 1190/- രൂപ തിരൂരങ്ങാടി താലൂക്ക് തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. Block No. 37 ൽ Resurvey 143/11 നമ്പർ ഭൂമി പഞ്ചായത്തിന്റേതാണെന്ന് ഉറപ്പ് വരുത്തുന്നതിനായാണ് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്. ടി സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതും സ്ഥലം പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണെങ്കിൽ ആയത് ആസ്തി രജിസ്റ്ററിൽ എടുത്ത വിവരവും അറിയ്ക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2 /2021-22/ 29.09.2022) മറുപടി ലഭ്യമായില്ല. ഉടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് റിപ്പയർ - പൊതു അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 136/22 തെരുവ് വിളക്ക റിപ്പയർ

അടങ്കൽ : 500000/- (തനത് ഫണ്ട് )

ചെലവ് : 250000/-(വൗച്ചർ നമ്പർ 22100725/08.02.2022 (240000/-)

: വൗച്ചർ നമ്പർ 22100726/08.02.2022 (5000/- IT ഇനത്തിലെ തുക)

: വൗച്ചർ നമ്പർ 22100727/08.02.2022 (5000/- GST ഇനത്തിലെ തുക)

മേൽ പ്രോജക്ട് പ്രകാരം 2021-22 ൽ തെരുവ് വിളക്ക് റിപ്പയർ പദ്ധതി പ്രകാരം ടെണ്ടർ എടുത്തു പ്രവർത്തി നിർവ്വഹിച്ച ശ്രീ സയ്യലവി എന്നവർക്ക് പ്രോജക്ട് അടങ്കലിന്റെ 50% നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1..കരാർ ഉടമ്പടി നിബന്ധന 16 പ്രകാരം റിപ്പയർ സംബന്ധിച്ച വിശദ വിവരങ്ങള് എല്ലാ മാസം 10 ാം തിയ്യതിക്കകം കരാറുകാരൻ പഞ്ചായത്ത് ഓഫീസിൽ നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമല്ല.

2. കരാർ ഉടമ്പടി നിബന്ധന 19 പ്രകാരം തെരുവ് വിളക്കുകളുടെ സ്പെയർ പാർട്ടുകൾ വാങ്ങിയതിന്റെ ബിൽ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും കേടുവന്ന സാധനങ്ങൾ പഞ്ചായത്തിൽ രേഖാമൂലം തിരിച്ചേൽപ്പിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3..തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്.(പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ടീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ) മേൽ നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4 /2021-22/ 29.09.2022 ) ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തികൾ നടത്തുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പോഷകാഹാരത്തിന് അധിക തുക നൽകി- 255524 രൂപ നഷ്ടം

2021-22 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ 3 വ്യത്യസ്ത പ്രോജക്ടുകളിലായി പോഷകാഹാര വിതരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. (210/22, 208/22, 25/22) മേൽ പ്രൊജക്ടുകൾ പ്രകാരം പണം ചെലവഴിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ പൂർണ്ണേന്ദു, മാനസി, അൽ-അമീൻ എന്നീ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് ഒരേ ഇൻവോയ്സ് പ്രകാരം രണ്ട് തവണ പണം നൽകുകയും കൺസ്യൂമർ ഫെഡിന് ഒരു ഇൻവോയ്സിൽ അധിക തുക നൽകുകയും ചെയ്തതായി കണ്ടെത്തുകയുണ്ടായി. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി/ബിൽ തുക | വൗച്ചർ പ്രകാരം പണം നൽകിയതിന്റെ വിവരം | കുറിപ്പ് |
|---|---|---|---|
| 1 | 22100717/ 02.02.2022 ₹ 1127429 | In No.03/03.01.2022:₹165721 (Sakthi Nutrimix ) | ക്രമ നമ്പർ 1,2,3 വൗച്ചറുകൾ പ്രകാരം പൂർണ്ണേന്ദു- മാനസി ന്യൂട്രിമിക്സ് യൂണിറ്റിന് 143/05.11.2021 ഇൻവോയ്സ് പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | In No.140/11.10.2021 :₹158487 (Poornenthu-Manasi)<br>In.no.143/05.11.2021:₹148050 (Poornenthu-Manasi)<br>In.no.146/10.12.2021 : ₹148050 (Poornenthu-Manasi)<br>In No.1006103/ 21792/23.03.2022 : ₹507121 (584831) (Maveli)<br>ആകെ : ₹ 1127429 | |
| 2 | 22100519/24.09.2021<br>₹1299781 | In No.B2C/36/ 06.06.21 :₹108990 (Sanjeevani Nutrimix )<br>In No.B2C/60/ 06.07.21 : ₹116707<br>(Sanjeevani Nutrimix )<br>In No. B2C/54/05.07.21 : ₹ 218426<br>(Sanjeevani Nutrimix )<br>In No. 29/31.07.21 : ₹114975<br>(Pulari Nutrimix )<br>In No. 126/02.06.21 : ₹ 129500 (Poornenthu-Manasi)<br>In No. 137/10.09.21 : ₹ 147436 (Poornenthu-Manasi)<br>In No. 105/02.11.20 : ₹ 162800 (Poornenthu-Manasi)<br>In No. 120/29.03.21 : ₹ 33370 (167610) (Poornenthu-Manasi)<br>In No. 143/05.11.21 : ₹ 91840 (148050) (Poornenthu-Manasi)<br>In No. 130/03.07.21 : ₹ 26098 (173758)<br>(Poornenthu-Manasi)<br>In No. 133/23.07.21 : ₹ 53249 (175075)(Poornenthu-Manasi)<br>In No.31/01.05.21 : ₹ 96390<br>(Al Ameen )<br>ആകെ : ₹ 1298647 | ₹148050 രൂപക്ക് പകരം<br>₹ 296050 (148050+ 56160 + 91840) നൽകിയതു വഴി ₹148000 രൂപയും ക്രമ നമ്പർ 2,4എന്നീ വൗച്ചറുകൾ പ്രകാരം 133/23.07.2021 ഇൻവോയ്സ് പ്രകാരമുള്ള ₹175075 രൂപക്കു പകരം ₹ 176209 ( 122960+53249) രൂപ നൽകിയതു പ്രകാരം ₹1134 രൂപയും അധികം നൽകി.<br>(24-8-21, 24-9-21 തീയതികളിൽ മാറി നൽകിയ തുകകളിൽ പൂർണ്ണേന്ദു, മാനസി, ന്യൂട്രിമിക്സ് യൂണിറ്റിന്റെ 05-11-2021 ലെ ബിൽ പ്രകാരമുള്ള തുക നൽകിയത് എങ്ങനെയെന്ന് വ്യക്തമല്ല. ഇക്കാര്യം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ മറുപടി പിന്നീട് നൽകുന്നതാണെന്നാണ് അറിയിച്ചത്) |
| 3 | 22100489/24.08.2021<br>₹56160 | In No. 143/05.11.21 : ₹ 56160<br>(148050) (Poornenthu-Manasi) | |
| 4 | 22100260/24-08-2021<br>₹122960 | In.no. 133/23-07-21 : ₹ 122960<br>(175075) (Poornenthu-Manasi) | |
| 5 | 22100519/ 24.09.2021<br>₹ 1299781 | In.no.B2C/36/06.06.21:₹108990<br>(Sanjeevani Nutrimix )<br>In. No.B2C/60/06.07.21:₹116707<br>(Sanjeevani Nutrimix )<br>In No.B2C/54 /05.07.21:₹218426<br>(Sanjeevani Nutrimix )<br>In.no.29/31.07.21 : ₹114975<br>(Pulari Nutrimix )<br>In No. 126/02.06.21 : ₹ 129500 (Poornenthu-Manasi)1<br>In No. 137/10.09.21 : ₹ 147436 (Poornenthu-Manasi)<br>In No. 105/02.11.20 : ₹ 162800 (Poornenthu-Manasi)<br>In No. 120/29.03.21 : | ക്രമ നമ്പർ 5, 6 വൗച്ചറുകൾ പ്രകാരം അൽ അമീൻ ന്യൂട്രിമിക്സ് യൂണിറ്റിന് 31/01.05.2021 ഇൻവോയ്സ് പ്രകാരമുള്ള ₹96390 രൂപക്ക് പകരം ₹ 192780 (96390 + 96390) നൽകിയതു വഴി ₹96390 രൂപ അധികം നൽകി. |

| | | | |
|---|---|---|---|
| | | ₹33370(167610)<br>(Poornenthu-Manasi)<br>In No. 143/05.11.21 : ₹ 91840<br>(148050) (Poornenthu-Manasi)<br>In No. 130/03.07.21 : ₹ 26098<br>(173758) (Poornenthu-Manasi)<br>In No. 133/23.07.21 : ₹ 53234<br>(175075)<br>(Poornenthu-Manasi)<br>In No. 31/01.05.21 : ₹ 96390<br>(Al Ameen )<br>ആകെ : ₹ 1298647 | |
| 6 | 22100765/ 20.01.2022<br>₹500219 | Transportation : ₹ 58615<br>(ശ്രീ. അരവിന്ദാക്ഷൻ )<br>In No. 31/01.05.21 : ₹ 96390<br>(Al Ameen )<br>In No. 17/10.07.21 : ₹ 125055<br>(Bismi Nutrimix )<br>In No. 43/10.08.2021 : ₹ 102715<br>(Neovita Healthy Nutrimix)<br>In No. 61/18.09.2021 : ₹ 94866<br>(Neovita Healthy Nutrimix)<br>In.no.7102/8/687/07.10.21 :<br>₹ 22578<br>(241365) (KSCCFLtd)<br>ആകെ : ₹500219 | |
| 7 | 22100765/20.01.2022<br>₹500219 | Transportation : ₹ 58615<br>(ശ്രീ. അരവിന്ദാക്ഷൻ )<br>In No. 31/01.05.21 : ₹ 96390<br>(Al Ameen )<br>In No. 17/10.07.21 : ₹ 125055<br>(Bismi Nutrimix )<br>In No. 43/10.08.2021 : ₹ 102715<br>(Neovita Healthy Nutrimix)<br>In No. 61/18.09.2021 : ₹ 94866<br>(Neovita Healthy Nutrimix)<br>In No. 7102/8/687/<br>07.10.21 : ₹ 22578<br>(241365) (KSCCFLtd)<br>ആകെ : ₹500219 | ക്രമ നമ്പർ 7,8 വൗച്ചറുകൾ പ്രകാരം കൺസ്യൂമർ ഫെഡറേഷനു നൽകേണ്ട ₹ 241365 രൂപക്കു പകരം ₹251365 ( 22578+228787) രൂപ നൽകുക വഴി ₹10000 അധികം നൽകി. |
| 8 | 22100453/ 09.11.2021<br>₹228787 | In No. 7102/8/687/<br>07.10.21 : ₹ 228787<br>(241365) (KSCCFLtd) | |
| | | ആകെ അധികം നൽകിയ തുക | ₹ 255524 |

മേൽ അപാകത പരാമർശിച്ച് (20/21-22/29.09.2022; 03/21-22/09.11.2022) എന്നിവ പ്രകാരം ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ 3 പ്രകാരം നൽകിയ 56160 രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ഭാഗികമായി പണം നൽകിയ (100000) ഇൻവോയ്സ് നമ്പർ 114/08.01.2021 പ്രകാരമുള്ള 164280 രൂപയിൽ ബാക്കി നിൽക്കുന്ന തുക നൽകിയതാണെന്നും ബില്ലിനോടു കൂടെ സമർപ്പിച്ച സബ് വൗച്ചർ മാറിപ്പോയതാണെന്നും മറ്റ് അപാകതകൾക്ക് പിന്നീട് വിശദമായ മറുപടി നൽകുന്നതാണെന്നും അറിയിച്ചു.

ഇൻവോയ്സ് നമ്പർ 114/08.01.2021 പ്രകാരമുള്ള ഭക്ഷ്യധാന്യത്തിന്റെ വിതരണ വിവരം, പണം നൽകിയതിന്റെ വിവരം എന്നിവ ഭക്ഷ്യധാന്യ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ മേൽ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പോഷകാഹാര വിതരണം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ തൻ വർഷത്തിൽ പണം നൽകിയ പോഷകാഹാരം യഥാർത്ഥത്തിൽ അംഗൻവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ടോന്ന് ഉറപ്പു വരുത്താൻ സാധിക്കാതിരുന്നതിനാൽ ഓഡിറ്റിന്റെ തുടർച്ചയായി 09.11.2022 ന് ഏതാനും അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചു. പഞ്ചായത്തിൽ നിന്നും തുക നൽകിയ ബില്ലുകളൊഴികെ മറ്റു ബില്ലുകൾ വഴി ന്യൂട്രിമിക്സ് വിതരണം ചെയ്തിട്ടില്ലെന്ന് ഇതു വഴി ഉറപ്പുവരുത്തുകയും ആയതിനാൽ അധികം നൽകിയ തുകയുടെ കൃത്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന് അധികച്ചെലവു വന്ന ₹ 2,55,524 നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പോഷകാഹാര വിതരണ പരിപാടികൾ വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ടിനം | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|---|
| 1 | 210/22 അംഗൻവാടി പോഷകാഹാര പരിപാടി എസ് സി പി | 300000 | 300000 | ബ്ലോക്ക് ഷെയർ | 22100490/ 24.08.2021 (300000/-) |
| | | 56160 | 56160 | വികസന ഫണ്ട് പൊതു വിഭാഗം | 22100489/ 24.08.2021 (56160/-) |
| | | 147860 | 147860 | കേന്ദ്രാവിഷ്കൃത ഫണ്ട് | 22100259/ 24.08.2021 (147860/-) |
| 2 | 208/22 അംഗൻവാടി പോഷകാഹാര പരിപാടി | 122960 | 122960 | തനത് ഫണ്ട് | 22100260/ 24.08.2021 (122960/-) |
| | | 947412 | 100000 | ബ്ലോക്ക് ഷെയർ | 22100919/ 25.03.2022 (100000/-) |
| 3 | 25/22 അംഗൻവാടി പോഷകാഹാരം | 1800000 | 1800000 | വികസന ഫണ്ട് പൊതു വിഭാഗം | 22100519/ 24.09.2021 (1299781/-) 22100765/ 20.01.2022 (500219/-) |
| | | 2700000 | 2700000 | കേന്ദ്രാവിഷ്കൃത ഫണ്ട് | 22100868/ 25.03.2022 (222546/-) |
| | | | | | 22100867/ 25.03.2022 (190495/-) |
| | | | | | 22100739/ 09.02.2022 (159530/-) |
| | | | | | 22100717/ 02.02.2022 (1127429/-) |
| | | | | | 22100453/ 09.11.2021 (228787/-) |

| | | | | | |
|---|---|---|---|---|---|
| | | | | | 22100452/ 09.11.2021 (771213/-) |
| | ആകെ | 6074392 | 5226980 | | |

(1) മേൽ പ്രൊജക്റ്റ് വഴി 1725390/- രൂപ ന്യൂട്രിമിക്സ് പർച്ചേസ് ചെയ്തതിന് താഴെ പറയും പ്രകാരം പൂർണേന്ദു മാനസി ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി.എസ്.ടി - ടി.ഡി.എസ് പിടിക്കേണ്ടതാണ്. എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക | ടാക്സ് ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് |
|---|---|---|---|---|---|
| 1 | 210/22(300000) | 129/18.06.2021 | 165760 | 156800 | 32602.4 |
| 2 | 210/22 (300000) Given Only 134240/- Balance 33370 | 120/20.03.2021 | 167610 | 158550 | |
| 3 | 208/22(56160/-) Given Only 56160/- Balance 91890 | 143/05.11.2021 | 148050 | 140000 | |
| 4 | 208/22(147860/-. 122560/-) Given Only 270420/- Balance 78613/- | 130/02.07.2021 | 173958 | 164500 | |
| 5 | | 133/23.07.2021 | 175075 | 164500 | |
| 6 | 25/22 (1127429/) | 140/11.10.2021 | 158487 | 149870 | |
| 7 | | 143/05.11.2021 | 148050 | 140000 | |
| 8 | | 146/10.12.2021 | 148050 | 140000 | |
| 9 | 25/22(1299781/-) | 137/10.09.2021 | 147436 | 139400 | |
| 10 | | 105/02.11.2020 (Late By 2 Year) | 162800 | 154000 | |
| 11 | | 126/02.06.2021 | 129500 | 122500 | |
| | | ആകെ | 1724776 | 1630120 | |

(2) മേൽ പ്രൊജക്റ്റ് വഴി 467256/- രൂപ ന്യൂട്രിമിക്സ് പർച്ചേസ് ചെയ്തതിന് താഴെ പറയും പ്രകാരം ശക്തി ന്യൂട്രിമിക്സ് NHG Areacode യൂണിറ്റിന് നൽകിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് പിടിക്കേണ്ടതാണ്. എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി- ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക | ടാക്സ് ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് |
|---|---|---|---|---|---|
| 1 | 208/22(100000), 25/22(190495ൽ - 42005/-രൂപ) | 13/28.02.2022 | 142005 | 134330 | |
| 2 | 25/22(1127429/-) | 03/03.01.2022 | 165721 | 153650 | 8717.8 |
| 3 | 25/22(159530) | 09/02.02.2022 | 159530 | 147910 | |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 467256 | 435890 | |

(3) മേൽ പ്രൊജക്ടു വഴി 444123/- രൂപ ന്യൂട്രിമിക്സ് പർച്ചേസ് ചെയ്തതിന് താഴെ പറയും പ്രകാരം സഞ്ചീവനി കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് ക്ലരിക്കണ്ട് ന് നൽകിയിട്ടുണ്ട്. നികതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി.എസ്.ടി - ടി.ഡി.എസ് പിടിക്കേണ്ടതാണ്. എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ന്യൂട്രിമിക്സ് ഇൻവോയ്സ് നം/തിയ്യതി | തുക | ടാക്സ് ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി - ടി.ഡി.എസ് |
|---|---|---|---|---|---|
| 1 | 25/22(1299781) | 54/05.07.2021<br>Gravipro (376@300)<br>Nutrimam (275@ 325) | 218426 | 208025 | 8459.5 |
| 2 | | 60/06.07.2021<br>Nutrimam (342@ 325) | 116707 | 111150 | |
| 3 | | B2C/36/06.07.2021<br>Gravipro(346@300) | 108990 | 103800 | |
| | | ആകെ | 444123 | 422975 | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/2020-21/29.09.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനം 21-22 വർഷത്തിൽ ജി.എസ്.ടി അടവാക്കിയതിന്റെ വിവരം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും വരും വർഷങ്ങളിൽ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കി അടവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 പോഷകാഹാര വിതരണം - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പോഷകാഹാര വിതരണ പരിപാടികൾ വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | ഫണ്ടിനം | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|---|
| 1 | 210/22 അംഗൻവാടി പോഷകാഹാര പരിപാടി എസ് സി പി | 300000 | 300000 | ബ്ലോക്ക് ഷെയർ | 22100490/ 24.08.2021 (300000/-) |
| 2 | 208/22 അംഗൻവാടി പോഷകാഹാര പരിപാടി | 56160 | 56160 | വികസന ഫണ്ട് പൊതു വിഭാഗം | 22100489/ 24.08.2021 (56160/-) |
